DESPATCHED
On. 27/9/22.



# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001

E-mail: sic.ker@nic.in

ഹർജി നമ്പർ **AP No. 562(1)/2022/SIC** തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നമ്പർ: 8167/SIC-G4/2022)

(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)

**സന്നിഹിതൻ**

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2022 സെപ്റ്റംബർ 23**

Sri. R. Rakesh,
Advocate & Senior Partner,
Associated Lawyers Network, 2nd Floor,
NAP Building, Sahodara Samajam Road, Vanchiyoor,
Thiruvananathapuram – 695 035.

} അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & ജിയോളജിസ്റ്റ്, മൈനിംഗ് & ജിയോളജി വകുപ്പ്, ജില്ലാ ആഫീസ്, കേശവദാസപുരം, പട്ടം പാലസ് പി.ഒ., തിരുവനന്തപുരം.

2) അപ്പീൽ അധികാരി & ഡെപ്യൂട്ടി ഡയറക്ടർ-1, ഡയറക്ടറേറ്റ് ഓഫ് മൈനിംഗ് & ജിയോളജി, കേശവദാസപുരം, പട്ടം പാലസ് പി.ഒ., തിരുവനന്തപുരം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 03/12/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 04/01/2022 |
| ഒന്നാം അപ്പീൽ അപേക്ഷാ നൽകിയ തീയതി | 07/02/2022 |
| മറുപടി ലഭ്യമാക്കിയ തീയതി | |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 10/05/2022 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 31/05/2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 07/06/2022 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 25/06/2022 |
| ഹിയറിംഗ് നടന്ന തീയതി | 22/09/2022 -വീഡിയോ/ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ:<br>എതിർകക്ഷികൾ | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

ശ്രീ. ആർ. രാകേഷ്, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയ്ക്ക് ലഭിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ ഒന്നാം അപ്പീൽ അധികാരി മുമ്പാകെ

സമർപ്പിച്ച അപ്പീൽ അപേക്ഷയ്ക്ക് ഇതേ വരെ യാതൊരു മറുപടിയും നൽകാത്തതിനാലാണ് കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിക്കുന്നതെന്നുമാണ്. ആയതിനാൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ സൗജന്യമായി ലഭ്യമാക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കണമെന്നും സമയബന്ധിതമായി വിവരം നൽകാത്ത എതിർകക്ഷികൾക്കെതിരെ പിഴ ശിക്ഷയും നിയമനടപടികളും സ്വീകരിക്കണമെന്നാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 03.12.2021-ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

i. തിരുവനന്തപുരം താലൂക്കിൽ ആറ്റിപ്ര വില്ലേജ് ബ്ലോക്ക് നമ്പർ: 17 റീസർവ്വെ നമ്പർ: 311/13-ൽ കൊണ്ട സ്ഥലത്തു നിന്നും 2019 ഓഗസ്റ്റ് മുതൽ ഡിസംബർ വരെയുള്ള മാസങ്ങൾക്കിടയിൽ അനധികൃതമായി മണ്ണ് ഖനനം നടത്തിയതിന് കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ 2015 പ്രകാരം കൈകൊണ്ട നടപടികൾ എന്തെല്ലാമെന്നും

ii. തിരുവനന്തപുരം താലൂക്കിൽ ആറ്റിപ്ര വില്ലേജ് ബ്ലോക്ക് നമ്പർ: 7 റീസർവ്വെ നമ്പർ: 311/13-ൽ കൊണ്ട സ്ഥലത്തു നിന്നും 2019 ഓഗസ്റ്റ് മുതൽ ഡിസംബർ വരെയുള്ള മാസങ്ങൾക്കിടയിൽ അനധികൃത മണ്ണ് ഖനനം നടത്തിയതിനെതിരെ ഈ ഓഫീസിൽ നിന്നും കൈകൊണ്ട നടപടികളുമായി ബന്ധപ്പെട്ട ഫയലിൽ നാളിതുവരെയുള്ള പൂർണ്ണമായ ശരി പകർപ്പ് നൽകണമെന്നുമാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 04.01.2022 തീയതി ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ, ടിയാന്റെ അപേക്ഷയിലെ 1-ാം ഇനത്തിൽ ആവശ്യപ്പെട്ട വിവരം വില്ലേജ് അടിസ്ഥാനത്തിൽ വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലെന്നും 2-ാം ഇനത്തിന് ടി ആഫീസിൽ നേരിട്ട് ഹാജരായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ച് നിശ്ചിത ഫീസ് ഒടുക്കി വിവരങ്ങൾ കൈപ്പറ്റാവുന്നതാണെന്നുമാണ്. മേൽപ്പടി മറുപടി തൃപ്തികരമല്ലാത്തതിനാൽ രണ്ടാം എതിർകക്ഷി മുമ്പാകെ 07.2.2022 തീയതി അപ്പീൽ സമർപ്പിച്ചു. മേൽപ്പടി അപ്പീൽ അപേക്ഷയ്ക്ക് 22.6.2022 തീയതി നൽകിയ മറുപടിയിൽ അറിയിച്ചത്, ടിയാൻ സമർപ്പിച്ച ഒന്നാം അപ്പീൽ അപേക്ഷ വകുപ്പിന്റെ തിരുവനന്തപുരം ജില്ലാ ജിയോളജിസ്റ്റിനു അയച്ചു കൊടുത്തു റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു എന്നും തിരുവനന്തപുരം ജില്ലാ ജിയോളജിസ്റ്റിന്റെ റിപ്പോർട്ട് പരിശോധിച്ചതിൽ, വിവരാവകാശ അപേക്ഷയ്ക്കു 4.1.2022-ന് മറുപടി തന്നിട്ടുള്ളതായും അപേക്ഷയുമായി ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് മുൻപ് ഫയൽ കണ്ടെത്താൻ സാധിക്കാത്തതിനാലാണ് വിവരം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലെന്ന മറുപടി ജിയോളജിസ്റ്റ് നൽകിയതെന്നും എന്നാൽ അപ്പീൽ അപേക്ഷയിൽ ടിയാനെ

ഫോണിൽ ബന്ധപ്പെട്ടു ഫയൽ സംബന്ധമായ വിവരങ്ങൾ ലഭ്യമാക്കിയിട്ടുള്ളതായും ജിയോളജിസ്റ്റ് അറിയിച്ചിരുന്നു എന്നും 3139/DOT/EM/2019 നമ്പർ ഫയൽ പരിശോധിച്ചതിൽ ആറ്റിപ്ര വില്ലേജിൽ 311/3 സർവ്വെ നമ്പറിൽപ്പെട്ട വസ്തുവിൽ നിന്നും അനധികൃതമായി മണ്ണ് ഖനനം ചെയ്തതിനു ശ്രീമതി. ശ്രീകല പ്രസാദ്, ബ്ല്യു ബെറി അപ്പാർട്ട്മെന്റ്, കുളത്തൂർ എന്ന വ്യക്തിയിൽ നിന്നും 227080/- രൂപ 27.2.2020-നു ഈടാക്കിയതായും ഈ സ്ഥലത്തു നിന്ന് കസ്റ്റഡിയിൽ എടുത്ത വാഹനത്തിനു 28200/- രൂപ 17.2.2020-നു ഈടാക്കിയതായും ജിയോളജിസ്റ്റ് അറിയിച്ചിരിക്കുന്നു എന്നുമാണ്.

4. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ 27.6.2022-ന് സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ശ്രീ. രാകേഷ് സമർപ്പിച്ച അപേക്ഷ 6.12.2021 തീയതി ടി ആഫീസിൽ ലഭിച്ചിട്ടുള്ളതും ആയതിൽ മുൻ എസ്.പി.ഐ.ഒ. 4.1.2022-ന് മറുപടി നൽകിയിട്ടുള്ളതുമാണെന്നും ടി വിവരം അപേക്ഷകൻ തന്നെ അപ്പീൽ അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ളതാണെന്നും എന്നാൽ പ്രസ്തുത മറുപടി തൃപ്തികരമല്ലാത്തതിനാൽ അപേക്ഷകൻ അപ്പീൽ അധികാരി മുമ്പാകെ ഒന്നാം അപ്പീൽ സമർപ്പിച്ചിരുന്നു എന്നും പ്രസ്തുത അപ്പീൽ അപേക്ഷ 28.5.2022 തീയതി ടി ആഫീസിൽ ലഭ്യമായിട്ടുള്ളതും ആയതിൻമേലുള്ള റിപ്പോർട്ട് 14.6.2022 പ്രകാരം അപ്പീൽ അധികാരിക്കും ഹർജിക്കാരനും അയച്ചു നൽകിയിട്ടുള്ളതാണെന്നും അപേക്ഷയുമായി ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് മുൻപ് ഫയൽ കണ്ടെത്തുവാൻ സാധിച്ചതിനാലാണ് വിവരം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല എന്ന് മറുപടി നൽകിയിരുന്നത്. എന്നാൽ അപ്പീൽ അപേക്ഷയിൻമേൽ അപ്പീൽ കക്ഷിയെ ടെലിഫോണിൽ ബന്ധപ്പെട്ടപ്പോൾ ഫയൽ സംബന്ധമായ കൃത്യമായ വിവരങ്ങൾ ലഭ്യമാക്കുകയും തുടർന്ന് ഫയൽ കണ്ടെത്തിയിട്ടുള്ളതുമാണെന്നും ആയതനുസരിച്ച് ഹർജിക്കാരന് നൽകിയ മറുപടിയിൽ ഫയൽ (3139/ഡിഒ.റ്റി/ഇഎം/19) പരിശോധിച്ചതിൽ ആറ്റിപ്ര വില്ലേജിൽ സർവ്വെ നമ്പർ 311/13-ൽപ്പെട്ട വസ്തുവിൽ നിന്നും അനധികൃതമായി മണ്ണ് ഖനനം ചെയ്തതിന് ശ്രീമതി ശ്രീകല പ്രസാദ്, ബ്ല്യു ബെറി അപ്പാർട്ട്മെന്റ്, കുളത്തൂർ എന്ന വ്യക്തിയിൽ നിന്നും 227080/- രൂപ 27.2.2020-നു പിഴ ഈടാക്കിയതായും ഈ സ്ഥലത്തു നിന്ന് കസ്റ്റഡിയിൽ എടുത്ത വാഹനത്തിനു 28200/- രൂപ പിഴ 17.2.2020-നു ഈടാക്കിയതായിട്ടുള്ളതുമാണെന്നും അപേക്ഷകന് മറുപടി നൽകുന്നതിൽ വീഴ്ച വരുത്തുകയോ മന:പൂർവ്വമായി രേഖകൾ നൽകാതിരിക്കുകയോ ചെയ്തിട്ടില്ലെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും കമ്മീഷൻ വിശദമായി പരിശോധിച്ചതിന്റെയും ഹർജിക്കാരനേയും ഒന്നാം എതിർകക്ഷിയേയും രണ്ടാം

എതിർകക്ഷിയേയും നേരിൽ കേട്ടതിന്റെയും അടിസ്ഥാനത്തിൽ പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ. ആയി സർവ്വീസിൽ നിന്നും വിരമിച്ച ശ്രീ. റോബിൻ സെൽവരാജും അപകടത്തിൽ പരിക്കേറ്റ് അവധിയിൽ പ്രവേശിച്ച അപ്പീൽ അധികാരിയായ ശ്രീ.കിഷോറും ഹർജിക്കാരന് മറുപടി നൽകുന്നതിൽ ഗണ്യമായ കാലതാമസം വരുത്തിയതായി കമ്മീഷന് ബോധ്യപ്പെട്ടിട്ടുണ്ട്. കമ്മീഷനിൽ നിന്ന് കത്ത് ലഭിച്ചതിനു ശേഷമാണ് ഹർജിക്കാരന് ഒന്നാം എതിർകക്ഷി മറുപടി നൽകിയതെന്ന് ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ. യോയുടെയും, അപ്പീൽ അധികാരിയോടും വിശദീകരണം നിലവിലെ എസ്.പി.ഐ.ഒ./അപ്പീൽ അധികാരി വാങ്ങി ഉത്തരവ് ലഭിച്ച് 15 ദിവസത്തിനകം കമ്മീഷൻ മുമ്പാകെ സമർപ്പിക്കേണ്ടതാണ്. എതിർകക്ഷി ഓഫീസ് വിവരാവകാശ അപേക്ഷകൾ ഭാവിയിൽ ഗൗരവത്തോടെ കൈകാര്യം ചെയ്യേണ്ടതാണെന്ന് കമ്മീഷൻ താക്കീത് ചെയ്യുന്നു. ആയതിലേക്കായി ഈ ഉത്തരവിന്റെ പകർപ്പ് കമ്മീഷൻ സെക്രട്ടറി, മൈനിംഗ് & ജിയോജളി വകുപ്പിലെ സെക്രട്ടറിയ്ക്കും, ഡയറക്ടറേറ്റ് ഓഫ് മൈനിംഗ് & ജിയോളജി വകുപ്പിലെ ഡയറക്ടർക്കും അയച്ചു കൊടുക്കേണ്ടതാണ്.

6. മേൽ നിർദ്ദേശിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 സെപ്റ്റംബർ മാസം 23-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM